**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **14-01-2021 - ൽ മറുപടിയ്ക്ക്**

**നിയമ വകുപ്പിലെ ഡെപ്യൂട്ടേഷൻ നിയമനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി മാതൃവകുപ്പിലേക്ക് തിരിച്ചെത്തുന്ന ജീവനക്കാർക്ക് മാതൃവകുപ്പിൽ ഉടൻ നിയമനം നൽകേണ്ടതാണെങ്കിലും നിയമ വകുപ്പിൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെയെത്തുന്ന ജീവനക്കാർക്ക് ഉടൻ നിയമനം നൽകാതെ മാസങ്ങളോളം 'വെയിറ്റിംഗ് ഫോർ പോസ്റ്റിംഗി'ൽ നിർത്തി പിന്നീട് വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റഗുലറൈസ് ചെയ്യുന്നതുമൂലം സർക്കാരിന് വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാർ ഒരുമിച്ച് മടങ്ങുന്നതു മൂലമോ തസ്തിക നിർത്തലാക്കുന്നതുമൂലമോ മറ്റുമുള്ള അടിയന്തിര സാഹചര്യങ്ങളിൽ അപ്രതീക്ഷിതമായി തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിവരുമ്പോൾ ഉടൻ നിയമനം നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതാണ്. |
| (ബി) | 01.01.2017 മുതൽ 31.12.2020 വരെ മേൽ രീതിയിൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ എത്തിയ എത്ര ജീവനക്കാർ എത്ര കാലം വീതം 'വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ്' ആയി കാത്തു നിന്നിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് കാത്തു നിന്ന കാലയളവ് റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 01.01.2017 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ നിയമവകുപ്പിൽ നിയമനം കാത്തുനിന്ന ഉദ്യോഗസ്ഥരുടെ വിശദാംശം താഴെ പറയുന്ന പ്രകാരമാണ്. (1). ശ്രീ. വി.എം. ചാക്കോ- 26-8-2017 മുതൽ 10.1.2018 വരെയുള്ള കാലയളവ്. (2). ശ്രീ. ബാബു ആന്റണി, അഡീഷണൽ സെക്രട്ടറി - 13.11.2018 മുതൽ 26.12.2018 വരെയുള്ള കാലയളവ്. (3). ശ്രീമതി ആശ ജി.എസ്., അഡീഷണൽ സെക്രട്ടറി- 01.08.2017 മുതൽ 31.10.2017 വരെയുള്ള കാലയളവ്. (4). ശ്രീ. ഷാജി കെ. കുര്യൻ, ജോയിന്റ് സെക്രട്ടറി - 25.07.2019 മുതൽ 08.08.2019വരെയുള്ള കാലയളവ്. (5). ശ്രീ. ബിജു വർഗ്ഗീസ് ഇരുമല, അഡീഷണൽ സെക്രട്ടറി - 12.07.2018 മുതൽ 18.09.2018 വരെയുള്ള കാലയളവ്. (6). ശ്രീമതി ജയശ്രീ എ., അണ്ടർ സെക്രട്ടറി -01.02.2019 മുതൽ 19.5.2019 വരെയുള്ള കാലയളവ്. (7) ശ്രീമതി രേഖ എസ്, ലീഗൽ അസിസ്റ്റന്റ് - 01.06.2019 മുതൽ 05.07.2019 വരെയുള്ള കാലയളവ്. ഇതിൽ ക്രമനമ്പർ (1) മുതൽ (4) വരെയുള്ള |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ നിയമനം റഗുലറൈസ് ചെയ്തിട്ടുണ്ട്. ക്രമനമ്പർ (5), (6), (7) ൽ പറയുന്ന ഉദ്യോഗസ്ഥരുടെ കാലയളവ് റഗുലറൈസ് ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | വെയിറ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റഗുലറൈസ് ചെയ്ത് നൽകുക വഴി ഒരേ തസ്തികയിൽ രണ്ട് പേർക്ക് ശമ്പളം നൽകേണ്ടി വന്നതു മൂലം മേൽ കാലയളവിൽ സർക്കാരിന് ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന് വിശദമാക്കാമോ; | (സി) | അർഹതപ്പെട്ട അവധി ഉപയോഗ പ്പെടുത്തിയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് മെരിറ്റ് പരിശോധിച്ചുമാണ് വെയ്റ്റിംഗ് ഫോർ പോസ്റ്റിംഗ് കാലയളവ് റഗുലറൈസ് ചെയ്തിട്ടുള്ളത്. അർഹതപ്പെട്ട അവധി ഉപയോഗ പ്പെടുത്തി പ്രസ്തുത കാലയളവ് റഗുലറൈസ് ചെയ്യുമ്പോൾ ഒരേസമയം ഒരാൾക്ക് മാത്രമേ ശമ്പളം നൽകേണ്ടി വരുന്നുള്ളൂ. അവധി ഉപയോഗപ്പെടുത്തുന്ന ആൾ ലീവ് സാലറിയാണ് വാങ്ങുന്നത്. എന്നതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. |
| (ഡി) | മേൽ രീതിയിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാമെന്നിരിക്കെ, എത്ര തുക മേൽ കാലയളവിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 12(7)-നു താഴെയുള്ള കുറിപ്പ് പ്രകാരം മടങ്ങി വരുന്ന ഉദ്യോഗസ്ഥർ നിയമനത്തിനായി കാത്തിരിക്കേണ്ടതാ ണെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിയമനം നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായെങ്കിൽ മാത്രമാണ് നഷ്ടം ഈടാക്കേണ്ട കാര്യം പരി ശോധിക്കേണ്ടത്. ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകു ന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ